പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *125 15.6.2012-ൽ മറുപടിയ്ക്ക്

## വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ പ്രവർത്തനം

| *ചോദ്യം* | *മറുപടി* |
|---|---|
| ശ്രീ. പി. സി. ജോർജ്<br>ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; ഇതിന്റെ പ്രവർത്തനം ഏറ്റവും ഫലപ്രദമായി നടക്കുന്ന ജില്ല ഏതാണ് ; | (എ) വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന്റെ 14 ജില്ലകളിലേയും പ്രവർത്തനം എല്ലാ മാസവും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അധ്യക്ഷതയിൽ വിലയിരുത്താറുണ്ട്. വാഴയുടേയും പച്ചക്കറികളുടേയും കൃഷി താരതമ്യേന കുറവായ കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് തുടങ്ങിയ ജില്ലകളിലൊഴികെ ബാക്കി എല്ലാ ജില്ലകളിലും കൗൺസിലിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടക്കുന്നുണ്ട്. എല്ലാ പ്രവർത്തനങ്ങളും ഏറ്റവും ഫലപ്രദമായി നടക്കുന്ന ജില്ല പാലക്കാടാണ്. |
| (ബി) പ്രസ്തുത സ്ഥാപനത്തിന്റെ കീഴിൽ എത്ര രജിസ്റ്റേർഡ് കൃഷിക്കാരും സ്വയം സഹായസംഘങ്ങളും ഉണ്ടെന്നും പഴം പച്ചക്കറി ഉല്പാദനകാര്യത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് ഇവർക്ക് എത്രത്തോളം മുന്നേറ്റം ഉണ്ടായിട്ടുണ്ടെന്നും അറിയിക്കുമോ ; | (ബി) കൗൺസിലിന്റെ കീഴിൽ 8048 സ്വാശ്രയ സംഘങ്ങളിലായി 1,55,257 രജിസ്റ്റേർഡ് കൃഷിക്കാരുണ്ട്. 2011-12 സാമ്പത്തിക വർഷം 301200 ടൺ പച്ചക്കറിയും 526320 ടൺ കായയും ഉല്പാദിപ്പിച്ചിട്ടുണ്ട്. |
| (സി) സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറി കാർഷിക ഉല്പന്നങ്ങൾ എന്നിവ വിറ്റഴിയ്ക്കുന്നതിനും കേടുകൂടാതെ സംഭരിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സംവിധാനങ്ങൾ കൂടുതലായി ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | (സി) സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള 6 മൊത്തം വ്യാപാര വിപണികളിൽ ഒന്നായ ആനയറ വിപണിയിൽ പഴം പച്ചക്കറി കാർഷിക ഉൽപന്നങ്ങൾ എന്നിവ കേടുകൂടാതെ |

സംഭരിക്കുന്നതിന് ഉതകുന്നവിധത്തിലുള്ള ശിതീകരണശാലയുടെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇത് മറ്റ് വിപണികളിലും ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു .

കൂടാതെ കർഷകർക്ക് അവരുടെ പഴം പച്ചക്കറി ഉല്പന്നങ്ങൾ കേടുകൂടാതെ സംഭരിക്കുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ ഇടുക്കിയിൽ തോപ്രാംകുടിയിലും പാലക്കാട് എലവഞ്ചേരിയിലും ഓരോ ശീതികരണ സംഭരണികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ വി.എഫ്.പി.സി.കെ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾ ഹോർട്ടികോർപ്പ് സംഭരിച്ച് ഹോർട്ടികോർപ്പിന്റെ 98 ഹരിത സ്റ്റാളുകളിലൂടെയും സപ്ലൈകോയുമായി ചേർന്ന് 32 ഹരിത വെജിറ്റബിൾ കോർണർ വഴിയും വിറ്റഴിച്ച് വരുന്നുണ്ട്. കൂടാതെ കൺസ്യൂമർഫെഡുമായി സഹകരിച്ച് 50 വെജിറ്റബിൾ കോർണറിലൂടെയും പഴം പച്ചക്കറികൾ ഉപഭോക്താക്കളിൽ എത്തിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ സഞ്ചരിക്കുന്ന പച്ചക്കറി വിൽപ്പനശാലയിലൂടെയും പഴം പച്ചക്കറികൾ വിറ്റ് വരുന്നു.

ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം വിപണികളുടെ അടിസ്ഥാന സൗകര്യ വികസനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറി, ഹോർട്ടിക്കൾച്ചർ ഉൽപന്നങ്ങൾ എന്നിവ വിറ്റഴിക്കുന്നതിനും കേടുകൂടാതെ സംഭരിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താൻ ധനസഹായം നൽകുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ട്.

**സെക്ഷൻ ഓഫീസർ**